തീവ്രവാദ വിരുദ്ധ സ്കാഡ്

45 (4480) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തീവ്രവാദ പ്രവർത്തനം മുൻനിർത്തി പോലീസ് സേനയിൽ തീവ്രവാദ വിരുദ്ധ സ്കാഡ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) തീവ്രവാദ വിരുദ്ധ സ്കാഡ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ ജി.ഒ.(എംഎസ്.) 62/03/ആഭ്യന്തരം തീയതി 14-3-2003 പ്രകാരം ഓരോ ആംഡ് പോലീസ് ബറ്റാലിയനിലും 1 എ.പി.എസ്.ഐ., 1 എ.പി.എ.എസ്.ഐ. 6 ഹവൽദാർ, 27 പി. സി. എന്നീ തസ്തികൾ ഉൾപ്പെടുന്ന ഓരോ കമാണ്ടോ പ്ലാറ്റൂൺ രൂപീകരിച്ചിട്ടുണ്ട്.

കുഴൽപ്പണം-ഹവാല ഇടപാടുകൾ നിരീക്ഷിക്കാൻ നടപടി

46 (4481) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് അവിഹിതമായി എത്തുന്ന കുഴൽപ്പണം-ഹവാല ഇടപാടുകളും സംഘടനകൾക്കും സ്ഥാപനങ്ങൾക്കും നിയമവിരുദ്ധമായി ലഭിക്കുന്ന വിദേശ ഏജൻസികളുടെ ധനസഹായങ്ങളും നിരീക്ഷിക്കുന്നതിനും തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് അവിഹിതമായി എത്തുന്ന കുഴൽപ്പണം-ഹവാല ഇടപാടുകളും സംഘടനകൾ നിയമവിരുദ്ധമായി കൈപ്പറ്റുന്ന വിദേശ ധനസഹായവും സംബന്ധിച്ച കാര്യങ്ങൾ നിരീക്ഷിക്കുവാനും, വിവരം ശേഖരിച്ച് റിപ്പോർട്ട് ചെയ്യുവാനും സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന്റെ ജില്ലകളിലെ ഡിറ്റാച്ച്മെന്റ് ഉദ്യോഗസ്ഥൻമാർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

ഹവാല കുഴൽപ്പണത്തിന്റെ പ്രഭവസ്ഥാനം

47 (4482) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എ. സുജനപാൽ :
ശ്രീ. കെ. മോഹൻ കുമാർ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ സംസ്ഥാനത്ത് ഹവാല കുഴൽപ്പണമിനത്തിൽ എന്തു തുക പിടിച്ചിട്ടുണ്ടെന്നും ഈ പണത്തിന്റെ പ്രഭവ സ്ഥാനം കണ്ടെത്തിയിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly